**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2504** **17.08.2017-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനായി ചെയ്തുവരുന്ന പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനായി ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകൾ പലതിലേയും ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ഈ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ലെ സ.ഉ.(സാധാ)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ(കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് 17.12.2015-ലെ സ.ഉ.(സാധാ) 1717/2015/തൊഴിൽ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം ഊർജ്ജിതമായി നടന്നു വരുന്നു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടു കൂടി മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു. 2016-17 സാമ്പത്തിക വർഷം ഇതരസംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 50,00,000/-രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 72 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ ബോധവൽക്കരണ |

പരിപാടികൾക്കായി മാറ്റിവച്ചിട്ടുണ്ട്.

(ബി) ഇവരിൽ എച്ച്.ഐ.വി., ക്ഷയം, മലേറിയ, ഫിലേറിയ തുടങ്ങിയ രോഗങ്ങൾ ബാധിച്ചവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഇത്തരം രോഗബാധയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള, ലഭ്യമായ കണക്ക് ചുവടെ ചേർക്കുന്നു.

| | എച്ച്. ഐ.വി | മലേറിയ | ഫിലേറിയ | മറ്റു സാംക്രമിക രോഗങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 1 | 1 | 2 | x |
| കൊല്ലം | x | 3 | x | x |
| എറണാകുളം | x | x | x | ഹെപ്പറ്റൈറ്റിസ് ബി+ -1<br>ടൈഫോയിഡ് -1 |
| കണ്ണൂർ | x | 1 | x | x |

സെക്ഷൻ ഓഫീസർ.